**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3708** | **26-10-2021 - ൽ മറുപടിയ്ക്ക്**

**കന്നുകാലികൾക്ക് സമ്പൂർണ്ണ ഇൻഷുറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിലെ കന്നുകാലികൾക്ക് സമ്പൂർണ്ണ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നും E-5395578 നമ്പർ പ്രകാരം മൃഗസംരക്ഷണ ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുള്ള എളവള്ളി പഞ്ചായത്തിൽ നിന്നുള്ള അപേക്ഷയിൻമേൽ സ്വീകരിച്ച തുടർനടപടി വ്യക്തമാക്കാമോ? | (എ) | മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിലെ കന്നുകാലികൾക്ക് സമ്പൂർണ്ണ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ബഹു.മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നും E-5395578 നമ്പർ പ്രകാരം മൃഗസംരക്ഷണ ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുള്ള എളവള്ളി പഞ്ചായത്തിൽ നിന്നുള്ള അപേക്ഷ പരിശോധിച്ചതിൽ എളവള്ളി ഗ്രാമപഞ്ചായത്തിൽ ഏകദേശം ആയിരത്തോളം കന്നുകാലികൾ ഉള്ളതായും അവയെ മുഴുവൻ സമ്പൂർണ്ണ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുമാണ് പഞ്ചായത്ത് സമിതി അഭ്യർഥിച്ചിരിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി കേരളത്തിലെ ക്ഷീര കർഷകർക്കായി നിലവിൽ മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കുന്ന സമഗ്ര ഇൻഷുറൻസ് പദ്ധതിയാണ് 'ഗോസമൃദ്ധി-എൻ.എൽ.എം' പദ്ധതി. പ്രൈവറ്റ്, മറ്റിതര കന്നുകാലി ഇൻഷുറൻസ് പദ്ധതികളെ തമ്മിൽ ഇതുമായി താരതമ്യം ചെയ്യുമ്പോൾ പ്രീമിയം നിരക്ക് വളരെയധികം കുറവുള്ളതിനാലും പദ്ധതി നിർവ്വഹണം കർഷകർക്ക് അനുകൂലമായതിനാലുമാണ് മൃഗസംരക്ഷണ വകുപ്പിലൂടെ സർക്കാർ നടപ്പിലാക്കി വരുന്ന ടി പദ്ധതിക്ക് കർഷകരുടെ ഇടയിൽ ഇത്രയും പ്രാധാന്യം കൈവന്നത്. നിലവിൽ പദ്ധതി നിർവ്വഹണം നടത്തിവരുന്ന 'ഗോസമൃദ്ധി-എൻ.എൽ.എം 2020-21 പദ്ധതിയിൽ സംസ്ഥാനമൊട്ടാകെ ഏകദേശം 60,000 പശുക്കളെ മാത്രമേ ഇൻഷ്വർ ചെയ്യാൻ സാധിക്കുകയുള്ളു. ഈ പദ്ധതിയിൽ എല്ലാ ജില്ലകൾക്കും അതാതു ജില്ലകളിലെ ഉരുക്കളുടെ എണ്ണത്തിന് ആനുപാതികമായി ഫണ്ട് നല്കിയിട്ടുള്ളതും പദ്ധതിവിഹിതത്തിലെ 65% നിലവിൽ പൂർത്തിയായിട്ടുള്ളതുമാണ്. ആയതിനാൽ |

| | | | |
|---|---|---|---|
| | | | എളവള്ളി ഗ്രാമപഞ്ചായത്തിലെ ഉരുക്കളെ മുഴുവൻ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കാൻ നടപ്പ പദ്ധതിയിൽ ലഭിച്ചിട്ടുള്ള ഫണ്ട് അപര്യാപ്തമാണ്. സംസ്ഥാനത്തെ മുഴുവൻ ഉയർന്ന പാലുൽപ്പാദന ശേഷിയുള്ള കറവപ്പശുക്കൾക്കു സമ്പൂർണ്ണ ഇൻഷ്വറൻസ് ലഭ്യമാക്കുന്ന തരത്തിൽ വകുപ്പ് നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള ഒരു പദ്ധതി സർക്കാർ ആലോചിച്ചു വരികയാണ്. ടി പദ്ധതി വന്നാൽ കുറഞ്ഞ ചെലവിൽ എല്ലാ ക്ഷീരകർഷകർക്കും തങ്ങളുടെ ഉരുക്കളെ ഇൻഷ്വർ ചെയ്യുവാൻ സാധിക്കും. കൂടാതെ കന്നുകാലി ഇൻഷ്വറൻസിനായി കേന്ദ്ര സർക്കാരിൽ നിന്നും നിലവിൽ ലഭിക്കുന്നതിനേക്കാൾ കൂടുതൽ ഫണ്ട് ലഭ്യമാക്കുവാനായി നാഷണൽ ലൈവ്സ്റ്റോക്ക് മിഷന് പുനഃക്രമീകരിച്ച പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ